# കൊറോണ അതിജീവന മാർഗം

കൊറോണ എന്ന മഹാമാരിയേ തടയുവാനായി
കേരളം എന്ന ചെറുഗ്രാമം ഉണർന്നു
എത്രയോ ജനസേവകർ  നമ്മൾക്കു
സാന്ത്വനമായി പരിചാരകരായി
പരിചരിച്ചിടുന്നകാലമിത്രയും
പരിഭ്രാന്തി സൃഷ്ടിച്ചുനാടിനൊക്കെയും
എന്നിട്ടും നാടിനെ രക്ഷിക്കുവാൻ ആയി
ഓരോരുത്തരും മുന്നിൽ നിൽക്കുന്നു
ആരോഗ്യപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ
ജാഗ്രതയുള്ള സേനാധിപന്മാരും കൂടാതെ
കൂട്ടിനായി സുരക്ഷിത കേരളസർക്കാരും
കേന്ദ്രസർക്കാരും ഉണ്ടായിരുന്നു
ഓരോ മനുഷ്യനും മാതൃകയായി
അനുസരണയോടെ വീട്ടിൽ കഴിഞ്ഞിടുന്നു
കാലാകാലങ്ങൾ കഴിയുന്നതിനുമപ്പുറമായി
ആ മഹാമാരിയെ തുരത്തുന്നതിനായി നാം എല്ലാവരും ഒന്നിച്ചു നിന്നു
കൃത്യമായി നാം അകലം പാലിക്കണം
കൃത്യമായി നാം കൈകൾ കഴുകണം
വ്യത്തിയായി ഒരു മാസ്ക് ധരിക്കണം
പ്രത്യേകം നാം വീട്ടിൽ ഇരിക്കണം
ശുചിത്വം നാം ഉറപ്പു വരുത്തണം
കൊറോണ എന്ന മഹാമാരിയെ നാടുകടത്തണം

അശ്വനി ശിവദാസ്

X B

P K H S S, Mannapra